

# തെരഞ്ഞെടുപ്പിന്റെ സാധ്യതകൾ

നിയമസഭാ തെരഞ്ഞെടുപ്പിന്റെ കോലാഹലങ്ങളിൽ കേരളം മുങ്ങിയിരിക്കുകയാണ്. സീറ്റുതർക്കവും പടലപിണക്കവും പോലെയുള്ള അരാഷ്ട്രീയ ചർച്ചകൾ നടത്തി ജനാധിപത്യത്തിലെ ജനകീയ പ്രക്രിയയായ തെരഞ്ഞെടുപ്പിനെ ദുർബലപ്പെടുത്തുയാണ് കേരളത്തിലെ പ്രമുഖ മുന്നണികൾ. രാഷ്ട്രീയ സംവാദങ്ങളും ജനകീയ വിലയിരുത്തലുകളും തെരഞ്ഞെടുപ്പിൽ നിന്നും പറിച്ചുമാറ്റപ്പെടുന്നു. ക്ഷേമ സങ്കൽപ്പങ്ങളിൽ നിന്നും അകന്നുപോകുന്ന മുഖ്യധാരാ രാഷ്ട്രീയം പൊതുസമൂഹത്തിന് മുന്നിൽ ഒരു കാർണിവലായി അവതരിക്കുന്ന ഈ തെരഞ്ഞെടുപ്പ് കാലത്ത് തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം എന്താകണം എന്നതിനെക്കുറിച്ച് ഒരു ജനകീയ സംവാദം നടത്തുകയാണ് കേരളീയം. സംവാദത്തിനായി കേരളീയം മുന്നോട്ട് വച്ച ചോദ്യാവലിയും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ നടത്തിയ പ്രതികരണങ്ങളും...